4914/എൽ/2015/കെ.എസ്.എച്ച്.ഒ 01..07..2015

## സർക്കുലർ

വിഷയം: കുടുംബശ്രീ - കമ്മ്യൂണിറ്റി തീയറ്റർ - 'രംഗശ്രീ' - പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്-നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

നാൽപത്തിയൊന്ന് ലക്ഷം വനിതകളുടെ സംഘടിത കൂട്ടായ്മയായ കുടുംബശ്രീ കലാരംഗത്തും തങ്ങളുടെ ചുവടുറപ്പിക്കുന്നതിന്റെ ഭാഗമായി എൻ.ആർ.എൽ.പി പദ്ധതിയിലുൾപ്പെടുത്തി കമ്മ്യൂണിറ്റി തീയറ്റർ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. "കേവലം കാഴ്ചക്കാരോ കാഴ്ചവസ്തുക്കളോ അല്ല സ്ത്രീകൾ, കാഴ്ചകളുടെ സൃഷ്ടാക്കൾ ആകണം സ്ത്രീകൾ" എന്നതാണ് **'രംഗശ്രീ'** എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ആപ്തവാക്യം.

<u>പദ്ധതി പ്രവർത്തനങ്ങൾ</u>

ഒന്നാം ഘട്ടം എന്ന നിലയിൽ കേരളത്തിലെ ആറ് ജില്ലകളെ മൂന്ന് മേഖലകളാക്കി തിരിച്ച് അവയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 45 പേർ (15 പേർ വീതം ഓരോ മേഖലയിൽ നിന്നും) ഈ പദ്ധതിയിൽ പങ്കാളികളാകുന്നു. ദക്ഷിണമേഖല, ഉത്തരമേഖല, മധ്യമേഖല എന്നിങ്ങനെയാണ് ജില്ലകളെ മൂന്ന് മേഖലകളായി തരം തിരിച്ചിരിക്കുന്നത്. ദക്ഷിണ മേഖലയിൽ കൊല്ലം, പത്തനംതിട്ട ജില്ലകളും ,മധ്യമേഖലയിൽ എറണാകുളം ആലപ്പുഴ ജില്ലകളും ഉത്തരമേഖലയിൽ കണ്ണൂർ മലപ്പുറം ജില്ലകളുമാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് മേൽ സൂചിപ്പിച്ച മേഖലകളിൽ ആലപ്പുഴ എറണാകുളം ജില്ലകളിലെ ഓരോ സി ഡി എസ്സുകളിലേയ്ക്കും മറ്റ് ജില്ലകളിലെ (കൊല്ലം, പത്തനംതിട്ട, കണ്ണൂർ, മലപ്പുറം) രണ്ട് വീതം സി ഡി എസ്സുകളിലേക്കും **'രംഗശ്രീ'** പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്.

കലാടീമിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അതത് ജില്ലാ മിഷനുകളാണ് അപേക്ഷകൾ സ്വീകരിക്കേണ്ടത്. അപേക്ഷകൾ സ്വീകരിക്കുമ്പോൾ ജില്ലാ മിഷനുകൾ ചുവടേ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

- പരിസ്ഥിതി, നൃത്തം, സംഗീതം, അരങ്ങ്, സമൂഹം, എഴുത്ത് എന്നീ മേഖലകളിൽ ഏതിലെങ്കിലും താത്പര്യമുള്ളവരിൽ നിന്നാകണം അപേക്ഷകൾ സ്വീകരിക്കേണ്ടത്.

- രണ്ട് ദിവസങ്ങളിലായി നടക്കുന്ന ആദ്യഘട്ട പരിശീലനം, 15 ദിവസം നീണ്ടു നിൽക്കുന്ന തുടർ പരിശീലനങ്ങൾ. അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ താത്പര്യമുള്ള കുടുംബശ്രീ അംഗങ്ങളായ 20 വയസ്സിനും 45 വയസ്സിനുമിടയിൽ പ്രായമുള്ള വനിതകളിൽ നിന്നുമാണ് അപേക്ഷകൾ സ്വീകരിക്കേണ്ടത്.

- രംഗശ്രീയിൽ പങ്കാളികളാകാൻ തിരഞ്ഞെടുക്കപ്പെടുന്നവരെ ഭാവിയിൽ മാസ്റ്റർ പരിശീലകരായി ഉപയോഗപ്പെടുത്തുന്നതാണ്.

- സി ഡി എസ്സ് തല പരിശീലനവും, കലാടീം രൂപീകരണവും ഇവരുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്.

- എൻ ആർ ഒ പ്രവർത്തനങ്ങളുടെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിൽ കമ്മ്യൂണിറ്റി തീയറ്റർ രൂപീകരിക്കുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഉദ്ധേശിക്കുന്നുണ്ട്.

- ഇത്തരത്തിൽ കലാ ടീമിലേയ്ക്ക് തിരെഞ്ഞടുക്കപ്പെടുന്നവർക്ക് യാത്രാബത്ത ഒഴികെ ഹോണറേറിയമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതല്ല.

- അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി ജൂലൈ 13 ആണ്.

അഭിമുഖത്തിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതി ജൂലൈ 15 ആണ്. ലഭിച്ച അപേക്ഷകരിൽ നിന്ന് യോഗ്യരായവരെ . തിരഞ്ഞെടുക്കുന്നത് പ്രത്യേകമായ പരിശീലന കളരിയിലുടെ സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ടവർ നേരിട്ടായിരിക്കും. ഇതിനായി സംഘടിപ്പിക്കപ്പെടുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ അതത് മേഖലയിലെ ഒരു ജില്ലയിൽ വെച്ചായിരിക്കും സംഘടിപ്പിക്കപ്പെടുക.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
**കുടുംബശ്രീ**

1. ജില്ലാ മിഷൻ കോർഡിനേറ്റർ
   കൊല്ലം,പത്തനംതിട്ട,എറണാകുളം,ആലപ്പുഴ,കണ്ണൂർ,മലപ്പുറം
2. അക്കൗണ്ട്സ് ഓഫീസർ
3. ഫിനാൻസ് മാനേജർ(എൻ.ആർ.എൽ.എം)
4. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ.യ്ക്ക്

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ